# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4152 25.06.2018 ലെ മറുപടി

### ജലസേചന സൗകര്യം ഏർപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പയ്യന്നൂർ മണ്ഡലത്തിലെ വിവിധ ക്രോസ് ബാറുകളുടെ ആയകെട്ട് പരിധി എത്രയാണെന്ന് വിശദമാക്കാമോ; | (എ) പയ്യന്നൂർ മണ്ഡലത്തിലെ പരിധിയിലുള്ള ക്ലാസ് 1 പ്രവൃത്തികളുടെ പേരും ആയകെട്ടും ചുവടെ ചേർക്കുന്നു.<br>1. കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ മുളപ്ര തോടിന് കുറുകെയുള്ള വിയർ കം ബ്രിഡ്ജ് - 69.98 ഹെക്ടർ<br>2. കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെ പാണ്ടിക്കടവ് ബി.സി.ആർ 151.29 ഹെക്ടർ<br>3. പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ മുപ്പോട് തോടിന് കുറുകെയുള്ള ഉപ്പ് വെള്ള പ്രതിരോധ ബണ്ട് - 65.72 ഹെക്ടർ<br>4. കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെയുള്ള വെന്റഡ് ചെക്ക് ഡാം കം ട്രാക്ടർ വേ - 1038 ഹെക്ടർ |

| | |
|---|---|
| (ബി) ആയകെട്ട് പരിധി കുറവായതിനാൽ ക്രോസ് ബാറുകൾ നിർമ്മിക്കാത്തതിനാലും നിലവിലുള്ളത് അറ്റകുറ്റപണികൾ നടത്താത്തത് മൂലവും പയ്യന്നൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ കൃഷിഭൂമി തരിശായി കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;<br><br>(സി) ആയകെട്ട് പരിധി കുറച്ച് അത്യാവശ്യമായി വേണ്ട സ്ഥലങ്ങളിൽ പുതിയ ക്രോസ് ബാറുകൾ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമൊയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി)<br><br>നിലവിലുള്ള ക്രോസ്ബാറുകളുടെ അറ്റകുറ്റ പണികൾ പ്രവൃത്തിയുടെ പ്രാധാന്യമനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടത്തി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വി.സി.ബികളുടെ അറ്റകുറ്റ പണികൾക്കായി 133.00 ലക്ഷം രൂപയുടെ പ്രവർത്തികൾ അനുവദിച്ചിട്ടുണ്ട്.<br><br>ക്രോസ് ബാറുകളുടെ അഭാവം മൂലം തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി സാധ്യതാ പഠനം നടത്തി അനുയോജ്യമായ സ്ഥലങ്ങളിൽ പുതിയ ക്രോസ് ബാർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2017-18 ൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കുണിയൻ പടിഞ്ഞാറേ തോടിന് കുറുകെ എസ്.ഡബ്ല്യു.ഇ.സി.ബി നിർമ്മിക്കുന്നതിനായി 62.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൃഷി വകുപ്പിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം പയ്യന്നൂർ മണ്ഡലത്തിൽ ആകെ ഏകദേശം 132.30 ഹെക്ടർ തരിശ്ശായി കിടക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**